(ബി) ചാള, ചൂട, മാന്തൽ, അയില കുട്ടൻ, വാള, കൊക്കൊചാള, മുള്ളൻ എന്നിവ കൂടാതെ നാരൻ, പൂവാലൻ, കാര ചൂടൻ, കഴന്ത, കുഴിക്കാര എന്നീ ചെമ്മീനും ലഭിക്കുന്നു.

(സി) ഇതിനുവേണ്ടി മക്കെൻ എൻഫോഴ്സ്മെന്റ് വിഭാഗം കടലിൽ പട്രോളിംഗ് നടത്തുന്നുണ്ട്. ക്രമസമാധാനപ്രശ്നം ഉണ്ടായാൽ പോലീസും റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്.

**മൺസൂൺകാലത്തെ ക്ഷേമപദ്ധതികൾ**

102 [284] *ശ്രീ. സ്റ്റീഫൻ ജോർജ്ജ്:*

*ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*

*ശ്രീ. തോമസ് ഉണ്ണിയാടൻ:*

„ *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺകാലത്ത് മത്സ്യബന്ധന മേഖലയിൽ ജീവിക്കുന്ന ജനങ്ങളുടെ ദുരിതാശ്വാസത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കടൽക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെടുന്ന തീരദേശ നിവാസികൾക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ?

*ഉത്തരം*

(എ) മൺസൂൺകാലത്ത് മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലയിലും കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. രക്ഷാപ്രവർത്തനം നടത്തുന്നതിന് ബോട്ടുകൾ കടലിൽ റോന്തു ചുറ്റാറുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ നേവി, കോസ്റ്റ്ഗാർഡ് എന്നിവയുടെ സഹായം തേടുന്നുണ്ട്. സമ്പാദ്യ-സമാശ്വാസ പദ്ധതി പ്രകാരമുള്ള ധനസഹായം ജൂൺ-ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ദേശീയ ഭവനനിർമ്മാണ പദ്ധതിപ്രകാരം വീടുകൾ അനുവദിക്കുമ്പോൾ ഇവർക്ക് മുൻഗണന നൽകുന്നുണ്ട്. എന്നാൽ കടൽക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെടുന്ന തീരദേശ നിവാസികൾക്ക് ഒന്നാകെ പാർപ്പിട സൗകര്യം ഉണ്ടാക്കി നൽകുന്ന പദ്ധതിയും റവന്യൂ വകുപ്പും ഇതര ഏജൻസികളും ചേർന്ന് ഏറ്റെടുക്കാറുണ്ട്.

**കാസർഗോഡ് ജില്ലയിലെ കടലോരമേഖലയുടെ വികസനം**

103 [285] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കടലോരമേഖലയുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly